## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1129**     **06.06.2018-ൽ മറുപടിക്ക്**

### വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഗ്രേഡിംഗിന് നിശ്ചയിച്ചിരുന്ന പൊതുമാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു; | (ബി) ഗ്രേഡിംഗ് നിർണ്ണയിക്കുന്നതിന് ചുവടെ പറയുന്ന 7 മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയിട്ടുണ്ട്.<br>**മാനദണ്ഡങ്ങൾ**<br>1. മികച്ച തൊഴിൽ ദാതാവ്<br>2. സംതൃപ്തകരമായ തൊഴിലാളികൾ<br>3. സ്ഥാപനത്തിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം<br>4. തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം<br>5. സ്ത്രീ സൗഹൃദ അന്തരീഷം<br>6.തൊഴിലാളികൾക്ക് നൽകുന്ന സൗകര്യങ്ങൾ<br>7. തൊഴിലിടങ്ങളിലെ സുരക്ഷ |
| (സി) മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ആരംഭിച്ച ഈ പദ്ധതിക്ക് വേണ്ടത്ര | (സി) ഗ്രേഡിംഗിനായി അപേക്ഷിക്കുന്നത് ഒരു നിർബന്ധിത വ്യവസ്ഥ അല്ലാതിരുന്നതിനാലും 20-ൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനങ്ങളെ |

| | | | |
|---|---|---|---|
| | പ്രതികരണം ലഭിക്കാതെ പോയത് എന്തുകൊണ്ടാണ്; ഇതിനകം എത്ര അപേക്ഷകളാണ് ലഭിച്ചത്: | | മാത്രമേ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുള്ളു എന്നതിനാലും പുതിയ സംരംഭം ആയതിനാലുമാണ് അപേക്ഷകളുടെ എണ്ണം കുറയാൻ കാരണം. കൂടാതെ തിരഞ്ഞെടുത്ത 8 മേഖലകളിലെ സ്ഥാപനങ്ങൾക്ക് മാത്രമായി ഈ വർഷത്തെ ഗ്രേഡിംഗ് പരിമിതപ്പെടുത്തിയിരുന്നു. 2017 വർഷത്തെ ഗ്രേഡിംഗിനായി ആകെ 941 അപേക്ഷകളാണ് ലഭിച്ചത്. |
| (ഡി) | വ്യവസായ വാണിജ്യ മേഖലകളിൽ നിന്നും ഇതിന് പ്രതീക്ഷിച്ച പ്രതികരണം ലഭിക്കാത്ത സാഹചര്യത്തിൽ നടപടിക്രമങ്ങൾ കർശനമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | സംസ്ഥാനത്ത് കൂടുതൽ മെച്ചപ്പെട്ട തൊഴിൽ സാഹചര്യവും പുതിയൊരു തൊഴിൽ സംസ്കാരവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഗ്രേഡിംഗ് ആരംഭിച്ചത്. ഈ ലക്ഷ്യസാക്ഷാത്കാരത്തിനായി എല്ലാ സ്ഥാപനങ്ങളെയും ഗ്രേഡിംഗിന് വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.